# ജ്ഞാനമുള്ള ഹൃദയം പ്രാപിക്കുക

## സങ്കീർത്തനം 90:12

"ഞങ്ങൾ ജ്ഞാനമുള്ള ഒരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമെ"

നമ്മുടെ ജീവിതത്തിൽ ഇന്നുവരെയും പിന്നിട്ടുവന്ന വഴിതാരകളെക്കുറിച്ച് അധികമാരും ചിന്തിക്കാറില്ല. സുദീർഘവും സുനിശ്ചിതവുമായ ജീവിതം മുമ്പിലുണ്ടെന്നുള്ള ധാരണയിലുള്ള വർത്തമാനങ്ങളും, പ്രവർത്തനങ്ങളുമാണ് നമ്മിൽനിന്നും പലപ്പോഴും പൊട്ടിപ്പുറപ്പെടുന്നത്. പുതിയ പ്രതീക്ഷകൾ ഉണർത്തുന്ന, പുത്തൻ സ്വപ്നങ്ങൾ നെയ്തെടുക്കുന്ന ഓരോ ദിവസത്തിന്റെ ആരംഭത്തിലും, ദൈവം മുഖാമുഖമായി സംസാരിച്ച്, അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ച, ദൈവപുരുഷനായ മോശ, ജീവിതത്തിന്റെ ക്ഷണികതയെ ഓർത്ത് പ്രാർത്ഥിച്ച 90-ാം സങ്കീർത്തനം നമ്മുടെ ജീവിതത്തിൽ മാർഗ്ഗദീപമാകണം. അനുദിന ജീവിതത്തിന്റെ തിരക്കിൽ നമ്മുടെ നാളുകളുടെ ക്ഷണികതയെക്കുറിച്ച് ചിന്തിക്കുവാൻ നമുക്ക് കഴിയണം.

ഒന്നുമില്ലായ്മയിൽ നിന്നും നമ്മെ പേർചൊല്ലി വിളിച്ച്, ആപത്തിൽ നിന്നും രോഗത്തിൽ നിന്നും കോരിയെടുത്ത്, കഷ്ടങ്ങളുടെ താഴ്‌വരയിൽ നിന്നും വിടുവിച്ച്, കുടുംബ ജീവിതത്തിന്റെ സൗഭാഗ്യങ്ങൾ തന്നനുഗ്രഹിച്ച കാരുണ്യവാനായ കർത്താവിനായി നമുക്ക് എന്തെങ്കിലും ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കേണം. മനുഷ്യന്റെ ആയുസ് രാവിലെ മുളച്ച് മണിക്കൂറുകൾ കൊണ്ട് വളർന്ന് വൈകുന്നേരം ആകുമ്പോൾ വാടിപ്പോകുന്ന പുൽകൊടി പോലെയാകുന്നുവെന്ന് ഈ തിരക്കുള്ള ജീവിത സാഹചര്യങ്ങൾക്കിടയിലും നാം ഓർക്കണം.

കഴിഞ്ഞുപോയ കാലങ്ങളിൽ വന്നുപോയ വീഴ്ചകളും, പാപങ്ങളും ആ ചുങ്കക്കാരനെപ്പോലെ കണ്ണുനീരോടെ കർത്താവിന്റെ സന്നിധിയിൽ സമ്മതിച്ച്, അവയെ എന്നെന്നേക്കുമായി ഉപേക്ഷിച്ച്, പുതിയ സൃഷ്ടികളായി തീരുവാൻ നമുക്ക് കഴിയുമോ? അത്യുന്നതനായ ദൈവം നമുക്ക് തന്നിരിക്കുന്ന ഈ നല്ല ദിവസങ്ങളിൽ, സ്തോത്രങ്ങൾ കരേറ്റിക്കൊണ്ട്, ശിഷ്ടമുള്ള ആയുസ്സൊക്കെയും ദൈവത്തിനായി ജീവിക്കാമെന്ന് ഒരു നിമിഷം ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുവാൻ കഴിയുമോ? അതിനു ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

സിസ്റ്റർ ജെയ്മി ബിജു കോതമംഗലം 011